**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 05.05.2023

## "കൈക്കൂലി വാങ്ങുന്നതിന്നിടയിൽ മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ വിജിലൻസ് പിടിയിൽ"

വർക്ക്ഷോപ്പ് നടത്തുന്നതിന് വേണ്ടി ഷെഡ് കെട്ടുന്നതിനുള്ള അനുമതി നൽകുന്നതിനായി 5,000/- രൂപ കൈക്കൂലി വാങ്ങവെ മലപ്പുറം ജില്ലയിലെ നിലമ്പൂർ മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എൻജിനീയറായ സി. അഫ്സലിനെ ഇന്ന് (05.05.2023) വിജിലൻസ് കൈയ്യോടെ പിടികൂടി.

മലപ്പുറം, നിലമ്പൂർ സ്വദേശിയായ പരാതിക്കാരന്റെ ഉടമസ്ഥതയുള്ള റെയിൽവേ സ്റ്റേഷന് സമീപമുള്ള വസ്തുവിൽ വർക്ക്ഷോപ്പ് നടത്തുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ രണ്ട് മാസങ്ങൾക്ക് മുൻപ് അപേക്ഷ നൽകിയിരുന്നു. ഏതൊരുനടപടിയും സ്വീകരിക്കാത്തതിനെത്തുടർന്ന് ഇക്കഴിഞ്ഞ ചൊവ്വാഴ്ച മുനിസിപ്പാലിറ്റിയിൽ എത്തി കാര്യങ്ങൾ തിരക്കിയ പരാതിക്കാരനോട് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കണമെങ്കിൽ 10,000/-രൂപ (പതിനായിരം രൂപ) കൈക്കൂലി നൽകണമെന്ന് മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എൻജിനീയർ അഫ്സൽ ആവശ്യപ്പെടുകയുണ്ടായി. പരാതിക്കാരൻ അന്നേദിവസം തന്നെ 5,000/- രൂപ ഓഫീസിൽ വച്ച് അഫ്സലിന് നൽകുകയുമുണ്ടായി. തുടർന്ന് ബാക്കി 5,000/- രൂപയുമായി ഇന്ന് (05.05.2023) ഓഫീസിൽ വരാൻ ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം മലപ്പുറം വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. ഫിറോസ് എം. ഷഫീക്കിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെണി ഒരുക്കി ഇന്ന് (05.05.2023) രാവിലെ 10.30 മണിക്ക് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ അഫ്സലിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്. പിടികൂടിയ പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, മലപ്പുറം യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.ഫിറോസ്.എം.ഷഫീഖിനെ കൂടാതെ ഇൻസ്പെക്ടർമാരായ ജ്യോതീന്ദ്രകുമാർ, ഗിരീഷ്, സബ് ഇൻസ്പെക്ടർമാരായ മധുസൂദനൻ, മോഹനകൃഷ്ണൻ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ഹനീഫ, മുഹമ്മദ് സലിം, എസ്.സി.പി.ഒ മാരായ പ്രജിത്ത്, സുബിൻ, പ്രശോബ്, ധനേഷ്, രാജീവ്,

സന്തോഷ്, രതകുമാരി, ശ്യാമ, സി.പി.ഒ മാരായ നിഷ എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.